# 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5501** **01/07/2014 - ൽ മറുപടിയ്ക്ക്**

## ആദിവാസി മേഖലയിലുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എ.കെ. ബാലൻ<br>ശ്രീ. പി. റ്റി . എ. റഹിം<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എസ്. രാജേന്ദ്രൻ | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) ആദിവാസി മേഖലയിലുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) ഉണ്ട്.<br>2008 - ൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ പട്ടികവർഗ്ഗവികസന വകുപ്പ് നടത്തിയ സർവ്വേയിൽ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പുരോഗതി വിലയിരുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശേഖരിച്ച വിവരം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| നവസാക്ഷരർ | 14553 | 3.78% |
| ഔപചാരിക വിദ്യാഭ്യാസം ഉള്ളവർ | 272034 | 70.66% |
| ഗവ. സ്ഥാപനങ്ങളിൽ പഠിക്കുന്നവർ | 64486 | 68.03% |
| ഗവ.എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർ | 18701 | 19.73% |
| സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്നവർ | 8664 | 9.14% |
| പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്നവർ | 5877 | 6.20% |
| പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്നവർ | 934 | 0.99% |
| പഠിക്കുന്ന സ്ഥാപനം വക ഹോസ്റ്റൽ ലഭ്യമായിട്ടുള്ളവർ | 4094 | 4.32% |
| മോഡൽ റസിഡൻഷ്യൽ സ്കൂൾ | 1989 | 2.10% |
| വീട്ടിൽ നിന്ന് പോയി വന്ന് പഠിക്കുന്നവർ | 78276 | 82.58% |

| | | |
|---|---|---|
| (ബി) | സംസ്ഥാനത്ത് പല ആദിവാസി മേഖല യിലുമുള്ള കുട്ടികൾ വളരെ ദുർഘടം പിടിച്ച വഴിയിലൂടെ യാത്ര ചെയ്ത് വിദ്യാലയത്തിൽ എത്തിച്ചേരേണ്ട സാഹ ചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 'ഗോത്രസാരഥി' എന്ന പദ്ധതി 2013-14 സാമ്പത്തിക വർഷം മുതൽ നടപ്പാക്കി വരുന്നു. |
| (സി) | ആദിവാസി മേഖലയിലെ എല്ലാ കുട്ടി കൾക്കും നല്ല രീതിയിലുള്ള വിദ്യാ ഭ്യാസം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കു വാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) ഉണ്ട്. പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും താമസ ഭക്ഷണ സൗകര്യത്തിനായി കൂടുതൽ പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**